"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.ഷീജ. ടി.കെ, ഫീൽഡ് അസിസ്റ്റന്റ്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, കോഴിക്കോട് - പ്രത്യേക അവശതാ അവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2652/2024/H&FWD തീയതി,തിരുവനന്തപുരം, 05-11-2024

---

പരാമർശം:-

1. ശ്രീമതി. ഷീജ ടി.കെ സമർപ്പിച്ച 28/05/2024 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12/07/2024 തീയതിയിലെ ഇജി5/15924/2024/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് അസിസ്റ്റന്റ് ശ്രീമതി. ഷീജ ടി.കെ-യ്ക്ക് 20.02.2024-ന് രാവിലെ 6.30-ന് പുറപ്പെട്ട എക്സിക്യൂട്ടീവ് എക്സ്പ്രസ് ട്രെയിനിൽ കയറുന്നതിനിടെ പ്ലാറ്റ്ഫോമിൽ കാൽവഴുതി വീണ് കൈയ്ക്ക് ഗുരുതരമായ പരിക്കേറ്റതായും തുടർന്ന് ടിയാരി 20/02/2024 മുതൽ 19/05/2024 വരെ പരിവർത്തിതാവധിയിൽ പ്രവേശിച്ചിരുന്നുവെന്നും ജോലിയ്ക്ക് വരുന്ന വഴി സംഭവിച്ച അപകടമായതിനാൽ ടി കാലയളവ് പ്രത്യേക അവശതാ അവധിയായി പരിഗണിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച സൂചന (1) അപേക്ഷ പരാമർശം (2) കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീമതി. ഷീജ. ടി.കെ അവധി കഴിഞ്ഞ് 20/05/2024-ൽ ജോലിയിൽ തിരികെ പ്രവേശിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഫീൽഡ് അസിസ്റ്റന്റ് ശ്രീമതി. ഷീജ. ടി.കെ-യ്ക്ക് 20/02/2024 മുതൽ 19/05/2024 വരെ (90 ദിവസത്തേയ്ക്ക്) പ്രത്യേക അവശതാ അവധി കെ.എസ്.ആർ.ഭാഗം I, ചട്ടം 98 പ്രകാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ മെഡിക്കൽ ഓഫീസർ, കോഴിക്കോട്.

സീനിയർ ബയോളജിസ്റ്റ്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, കോഴിക്കോട്.

ശ്രീമതി. ഷീജ ടി.കെ, ഫീൽഡ് അസിസ്റ്റന്റ്, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, കോഴിക്കോട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (F2/245/2024-HEALTH ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 05-11-2024 16:05:33

സെക്ഷൻ ഓഫീസർ